പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1502 10-02-2020-ലെ മറുപടിയ്ക്ക്

## വിള ഇൻഷുറൻസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം പല ചെറുകിട കർഷകർക്കും ലഭിക്കുന്നില്ലെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൃഷി ഭവനിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയം തുക അടച്ച എല്ലാ ചെറുകിട കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |
| (ബി) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, തേയില, പുകയില, നെല്ല്, ചെറുധാന്യങ്ങൾ (കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി), മാവ് എന്നീ വിളകളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയ്ക്കുമുള്ള പ്രീമിയം തുക കൃഷി ഭവനിലടച്ച് ടി പദ്ധതിയിൽ അംഗമാകാം. |
| (സി) | പാടശേഖര സമിതിയുടെ നേതൃത്വത്തിൽ വിള ഇൻഷ്വർ ചെയ്യുന്നതിനുപകരം കർഷകർക്ക് ഓരോരുത്തർക്കും തങ്ങളുടെ കാർഷികവിള നേരിട്ട് ഇൻഷ്വർ ചെയ്യുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ, പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും, സ്വന്തം കൃഷിസ്ഥലം വ്യക്തമായി അതിർത്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കർഷകരുടെ താല്പര്യാർത്ഥം വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**